**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1125** — **29-08-2022 - ൽ മറുപടിയ്ക്ക്**

**കുട്ടനാട്ടിലെ താറാവ് കർഷകർക്ക് നഷ്ടപരിഹാരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ തോമസ് കെ തോമസ്** | | **ശ്രീമതി ജെ ചിഞ്ചുറാണി (മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി)** | |
| (എ) | കഴിഞ്ഞ ക്രിസ്തുമസ് സീസണിൽ കുട്ടനാട്ടിൽ വ്യാപകമായി രോഗം വന്നു കൂട്ടത്തോടെ ചത്തൊടുങ്ങിയ താറാവുകളുടെ ഉടമസ്ഥരായ കർഷകർക്ക് നൽകിയ നഷ്ടപരിഹാരം സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ; | (എ) | **ആലപ്പുഴ ജില്ലയിൽ 2021 ഡിസംബർ, 2022 ജനുവരി മാസങ്ങളിലായി പക്ഷിപ്പനിമൂലം കൊന്നു നശിപ്പിക്കുകയും ചത്തുപോവുകയും ചെയ്ത താറാവുകൾക്ക് നഷ്ടപരിഹാരമായി 3,01,21,195/- രൂപ നൽകിയിട്ടുണ്ട്. 65 കർഷകർക്ക് ആനുകൂല്യങ്ങൾ നൽകിയിട്ടുണ്ട്.** |
| (ബി) | ഇനി ഏതെങ്കിലും കർഷകർക്ക് നഷ്ടപരിഹാരം നല്കാൻ ബാക്കിയുണ്ടോ; എങ്കിൽ അതു നൽകുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കുമോ; | (ബി) | ഉണ്ട്. പക്ഷിപ്പനി റിപ്പോർട്ട് ചെയ്ത പഞ്ചായത്തുകളിലും അയൽ പഞ്ചായത്തുകളിലും വളർത്ത് പക്ഷികളുടെ കടത്തൽ നിരോധിച്ചുകൊണ്ട് കളക്ടറുടെ നിരോധനം നിലവിൽ വന്നതിനുശേഷം പ്രസ്തുത പഞ്ചായത്തുകളിലേയ്ക്ക് താറാവുകളെ മനഃപൂർവ്വം കൊണ്ടുവന്ന് രോഗവ്യാപനം ഉണ്ടാക്കിയതിനാൽ ഒരു കർഷകനു നഷ്ടപരിഹാരം നൽകിയിട്ടില്ല. |
| (സി) | നിസാര കാര്യങ്ങൾ പറഞ്ഞു അർഹതപ്പെട്ടവർക്ക് ലഭിക്കേണ്ട ആനുകൂല്യങ്ങൾ തടസപ്പെടാതിരിക്കാൻ കർശന നടപടികൾ സ്വീകരിക്കുമോ; | (സി) | നിസ്സാര കാരണങ്ങളാൽ അർഹതപ്പെട്ട കർഷകർക്ക് നഷ്ടപരിഹാരം നൽകാൻ തടസ്സം ഉണ്ടായിട്ടില്ല. |
| (ഡി) | ഇനിയും നഷ്ടപരിഹാരം ലഭിച്ചിട്ടില്ലാത്ത താറാവ് കർഷകരുടെ വിവരം ലഭ്യമാക്കുമോ; ഇവർക്ക് അടിയന്തരമായി നഷ്ടപരിഹാരം നൽകാൻ നടപടി സ്വീകരിക്കുമോ? | (ഡി) | ശ്രീ. ഷെഫീക്ക്, സിമ്രാൻ, താമരക്കുളം എന്ന കർഷകനാണ് പക്ഷിപ്പനിമൂലം താറാവുകൾ നഷ്ടപ്പെട്ടതിന് നഷ്ടപരിഹാരം നൽകാതിരുന്നത്. പക്ഷിപ്പനി റിപ്പോർട്ട് ചെയ്ത പഞ്ചായത്തുകളിലും അയൽ പഞ്ചായത്തുകളിലും വളർത്ത് പക്ഷികളുടെ കടത്തൽ നിരോധിച്ചുകൊണ്ട് കളക്ടറുടെ നിരോധനം നിലവിൽ വന്നതിനുശേഷം പ്രസ്തുത പഞ്ചായത്തുകളിലേയ്ക്ക് താറാവുകളെ മനഃപൂർവ്വം കൊണ്ടുവന്ന് രോഗവ്യാപനം ഉണ്ടാക്കിയതിനാൽ ടിയാന് നഷ്ടപരിഹാരം നൽകിയിട്ടില്ല. |

സെക്ഷൻ ഓഫീസർ